രാമവമ്മതമ്പുരാൻ.—ഇങ്ങനെയാണു് ആൻസർ കിട്ടീട്ടുള്ളതു്.

Protector's Department.

263. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ അനീതിപരമായ ഡിപ്പാർട്ട്മെണ്ടു ഭരണത്തെ കുറിച്ചുള്ള ആക്ഷേപങ്ങളെക്കുറിച്ചു് ഗവമ്മെണ്ടു വല്ല അന്വേഷവും നടത്തീട്ടുണ്ടോ. ഉണ്ടെങ്കിൽ അന്വേഷണ ഫലമെന്തു്?

രാമവമ്മ തമ്പുരാൻ.—സംരക്ഷകന്റെ ഡിപ്പാർട്ട്മെണ്ടു ഭരണം അനീതിപരമാണെന്നു ഗവമ്മെണ്ടിനു തോന്നീട്ടില്ല. ഗവമ്മെണ്ടിനു കിട്ടീട്ടുള്ള ആക്ഷേപങ്ങളേയും ആവലാതികളേയും കുറിച്ചു് അന്വേഷണം നടത്തിയിടത്തോളം അവകൊം അടിസ്ഥാനരഹിതങ്ങളാണെന്നു കാണപ്പെട്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഡിപ്പാർട്ട്മെണ്ടിന്റെ പണികളെല്ലാം അധികൃതരെ കൊണ്ടാണു് ചെയ്യിക്കുന്നതെന്നു പറഞ്ഞിരിക്കുന്നു; അധികൃതരല്ലാത്തവരെകൊണ്ടു ചെയ്യിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ചോദ്യം. ന്യായമായ ചോദ്യത്തിൽ പെട്ടതല്ല ഈ ചോദ്യം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കാലനായിൽ പണികൊം നടത്തീട്ടുള്ളവർക്കു് സുഖമുഴുവൻ കൊടുത്തിട്ടില്ലെന്നുള്ള ആവലാതികളെ പറ്റി ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—രണ്ടുമൂന്നാക്ഷേപങ്ങൊം വന്നിട്ടുണ്ടെന്നു മുമ്പു തന്നെ ചോദിച്ച ഒരു ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുണ്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെ പറ്റി ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ

രാമവമ്മതമ്പുരാൻ.—അതിൽ ഒരു സന്യാസിയുടേയോ മറ്റോ റിട്ടൺ കമ്പ്ലെയിന്റു് മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനെ പറ്റി അന്വേഷിച്ചതിൽ അവാസ്തവമാണെന്നു കണ്ടു. അതല്ലാതെ റിട്ടൺ കമ്പ്ലെയിന്റായിട്ടു് ഒന്നും കിട്ടീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ കോളനായിൽ നിന്നും വല്ല പരാതികളും കിട്ടിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

Labour Inspector's post—application from Mr. K. P. Vallon.

264 മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഇൻസ്പെക്ടരുടെ പോസ്റ്റിനു കെ. പി. വള്ളോൻ അപേക്ഷകനായിരുന്നെങ്കിൽ ടി അപേക്ഷയുടെ ഒരു കോപ്പിയായകോപ്പി ഈ മേശപ്പുറത്തു ഗവമ്മെണ്ടു് ദയവായി വെയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly